കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല – എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് - 2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.3-ന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ. (സാധാ) നം.610/16/തസ്വഭവ. തിരുവനന്തപുരം, തീയതി: 15/02/2016

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 23/12/2014-ലെ എം3-47972/2014 നമ്പർ കത്ത്

2) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 26/05/2015-ലെ നം.എൽ.എഫ്.3617/പിറ്റി2/2015 നമ്പർ കത്ത്.

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2011-2012 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.3 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങിയ വകയിൽ ചെലവഴിച്ച 4,30,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയും ഭരണസമിതി തീരുമാനവും ആഡിറ്റ് പരാമർശത്തിന്റെ പകർപ്പും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശയും സഹിതം പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം സാധൂകരണത്തിനായി സർക്കാരിൽ അനുകൂല ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ഇനങ്ങൾക്ക് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ നടപ്പാക്കിയതിനു സാധൂകരണം നൽകുന്ന വിഷയത്തിൽ സർക്കാരിനു യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എട്ട് മുതൽ 10-ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്നത് അനുവദനീയമാണ്. 2011-2012 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.3 പ്രകാരം സൈക്കിൾ വിതരണം ചെയ്തത് ചെറിയ ക്ലാസ്സിലെ വിദ്യാർത്ഥികൾക്കാണ്. മറ്റ് ക്രമക്കേടുകളൊന്നും ചൂണ്ടിക്കാണിച്ചിട്ടില്ലാത്തതിനാൽ തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2011-

2012 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.3 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകിയ വകയിൽ ചെലവഴിച്ച 4,30,000/-(നാല് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) രൂപയുടെ ചിലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.ആർ.പഴനിയമ്മ,

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

സെക്രട്ടറി, എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്,തൃശ്ശൂർ

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ